# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

**നവംബർ 20**

**November 20**

**2019**

***1193 വൃശ്ചികം 4 ബുധൻ***

# പത്രക്കുറിപ്പ് -1



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**പെയിന്റിംഗ് മത്സരം**

അന്താരാഷ്ട്ര മണ്ണ് ദിനത്തോടനുബന്ധിച്ച് മണ്ണ് പര്യവേഷണ സംരക്ഷണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജില്ലയിലെ സ്കൂൾ വിദ്യാർഥികൾക്കായി പെയിന്റിംഗ്, ഉപന്യാസരചനാ മത്സരം നടത്തും. ഈ മാസം 30ന് പത്തനംതിട്ട സെന്റ് മേരീസ് ഹൈസ്കൂളിലാണ് മത്സരം നടത്തുന്നത്. യു.പി, എച്ച്.എസ് വിഭാഗങ്ങൾക്കായാണ് മത്സരം. ഓരോ സ്കൂളിനും രണ്ട് വിദ്യാർഥികളെ വീതം പെയിന്റിംഗ് മത്സരത്തിൽ പങ്കെടുപ്പിക്കാം. മത്സരാർഥികൾ 0468 2323105, 2224070 എന്നീ നമ്പരുകളിലോ soilsurveypta@gmail.com, dscopta@gmail.com എന്നീ ഇ-മെയിൽ വിലാസത്തിലോ രജിസ്റ്റർ ചെയ്യണം.

(പിഎൻപി: 3222/19)

**സംഘാടക സമിതി രൂപീകരണ യോഗം**

ജില്ലാ കേരളോത്സവത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട സംഘാടക സമിതി രൂപീകരണ യോഗം 25ന് ഉച്ചയ്ക്ക് രണ്ടിന് പന്തളം ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടക്കും. (പിഎൻപി 3223/19)

**ദർഘാസ്**

പുനലൂർ ടിംബർ സെയിൽസ് ഡിവിഷന്റെ പരിധിയിലുള്ള അരീക്കക്കാവ്, കടയ്ക്കാമൺ തടി ഡിപ്പോകളിലെ ടോയ്ലറ്റിന്റെ അറ്റകുറ്റപ്പണികൾ സംബന്ധിച്ച പ്രവൃത്തികൾക്ക് ദർഘാസ് ക്ഷണിച്ചു. ഡിസംബർ 12 വൈകിട്ട് മൂന്ന് വരെ ദർഘാസ് സ്വീകരിക്കും. ഫോൺ:

0475 2222617, 0475 2354730, 8547600762. (പിഎന്‍പി 3224/19)

**രജിസ്ട്രേഷന്‍ പുതുക്കണം**

1960ലെ കേരള ഷോപ്സ് ആന്‍ഡ് കൊമേഴ്സ്യല്‍ എസ്റ്റാബ്ലിഷ്മെന്‍റ് നിയമപ്രകാരം തൊഴില്‍ വകുപ്പിന് കീഴില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള ജില്ലയിലെ സ്ഥാപനങ്ങള്‍ അസിസ്റ്റന്‍റ് ലേബര്‍ ഓഫീസുമായി ബന്ധപ്പെട്ട് ഈ മാസം 27നകം ഓണ്‍ലൈനായി രജിസ്ട്രേഷന്‍ പുതുക്കണമെന്നും അല്ലാത്തപക്ഷം 25 ശതമാനം പിഴ ഈടാക്കുമെന്നും ജില്ലാ ലേബര്‍ ഓഫീസര്‍ അറിയിച്ചു. (പിഎന്‍പി 3225/19)

**പെന്‍ഷന്‍ അദാലത്ത്**

പത്തനംതിട്ട ഡിപിഡി ഓഫീസില്‍ ഈ മാസം 29ന് രാവിലെ 10 മുതല്‍ വൈകിട്ട് അഞ്ച് വരെ മിനി പെന്‍ഷന്‍ അദാലത്ത് നടത്തും. (പിഎന്‍പി 3226/19)

**വീഡിയോ എഡിറ്റിങ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു**

സംസ്ഥാന സര്‍ക്കാരിന്‍റെ സ്വയംഭരണസ്ഥാപനമായ കേരള മീഡിയ അക്കാദമി കൊച്ചി, തിരുവനന്തപുരം സെന്‍ററുകളില്‍ നടത്തുന്ന വീഡിയോ എഡിറ്റിങ് സര്‍ട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. തിയറിയും പ്രാക്ടിക്കലും ഉള്‍പ്പെടെ 6 മാസമാണ് കോഴ്സിന്‍റെ കാലാവധി. കൊച്ചി, തിരുവനന്തപുരം കേന്ദ്രങ്ങളില്‍ ഓരോന്നിലും 30 പേര്‍ക്കാണ് പ്രവേശനം. അതിനൂതന സോഫ്റ്റ്വെയറുകളില്‍ പരിശീലനം നല്‍കും.

സര്‍ക്കാര്‍ അംഗീകാരമുള്ള കോഴ്സിന് 30,000 രൂപയാണ് ഫീസ്. പട്ടികജാതി/പട്ടികവര്‍ഗ/ഒ.ഇ.സി വിദ്യാര്‍ത്ഥികള്‍ക്ക് ഫീസ് ആനുകൂല്യം ലഭിക്കും. പ്ലസ് ടു വിദ്യാഭ്യാസയോഗ്യതയുള്ളവര്‍ക്ക് അപേക്ഷിക്കാം. അടിസ്ഥാന യോഗ്യതാ പരീക്ഷയുടെ മെറിറ്റ് അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. പ്രായം 30.11.2019-ല്‍ 30 വയസ് കവിയരുത്. പട്ടികവിഭാഗക്കാര്‍ക്ക് അഞ്ച് വയസ് ഇളവുണ്ട്.

ദൃശ്യമാധ്യമങ്ങളിലും വീഡിയോ എഡിറ്റിങ് രംഗത്തും തൊഴില്‍ സാധ്യതയുള്ള ഈ കോഴ്സിന്‍റെ പ്രായോഗിക പരിശീലനത്തിന് സുസജ്ജമായ എഡിറ്റ് സ്യൂട്ട്, ആര്‍ട്ട് സ്റ്റുഡിയോ, ഔട്ട്ഡോര്‍ വീഡിയോ ഷൂട്ടിങ് സംവിധാനം എന്നിവ അക്കാദമി ക്രമീകരിച്ചിട്ടുണ്ട്.

അപേക്ഷ അക്കാദമി വെബ്സൈറ്റായ www.keralamediaacademy.org നിന്നു ഫോറം ഡൗണ്‍ലോഡ് ചെയ്ത് സമര്‍പ്പിക്കാം. അപേക്ഷയോടൊപ്പം സര്‍ട്ടിഫിക്കറ്റുകളുടെ പകര്‍പ്പും വയ്ക്കണം. സെക്രട്ടറി, കേരള മീഡിയ അക്കാദമി, കാക്കനാട് എന്ന പേരില്‍ എറണാകുളം സര്‍വീസ് ബ്രാഞ്ചില്‍ മാറാവുന്ന 300 രൂപയുടെ (പട്ടിക വിഭാഗക്കാര്‍ക്ക് 150 രൂപ) ഡിമാന്‍ഡ് ഡ്രാഫ്റ്റും നല്‍കണം. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 2019 ഡിസംബര്‍ 10. കൂടുതല്‍ വിവരങ്ങള്‍ക്ക് ഫോണ്‍: 0484 2422275, 2422068.

(പിഎന്‍പി 3227/19)

**ശബരിമല: ഇന്ന് (21) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍**

ശബരിമല തീര്‍ഥാടനത്തോടനുബന്ധിച്ച് ഇന്ന് (21) രാത്രി പ്രവര്‍ത്തിക്കുന്ന മെഡിക്കല്‍ സ്റ്റോറുകള്‍ : നീതി മെഡിക്കല്‍ സ്റ്റോര്‍ കോന്നി, ബര്‍ക്കത്ത് മെഡിക്കല്‍സ് കുമ്പഴ പത്തനംതിട്ട, കൃപ മെഡിക്കല്‍സ് കോഴഞ്ചേരി, കുളത്തിന്‍കരോട്ട് മെഡിക്കല്‍സ് അടൂര്‍, സപ്ലൈകോ മാവേലി മെഡിക്കല്‍സ് സ്റ്റോര്‍ പന്തളം, ശ്രീ മെഡിക്കല്‍സ് മതില്‍ഭാഗം തിരുവല്ല, മേമന മെഡിക്കല്‍ സ്റ്റോര്‍ അങ്ങാടി റാന്നി, പടിഞ്ഞാറെമണ്ണില്‍ മെഡിക്കല്‍സ് മാടമണ്‍ റാന്നി.

(ശബരിമല: 60/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| നവംബർ 20 | 2019 |
|---|---|
| November 20 | |

*1193 വൃശ്ചികം 4 ബുധൻ*

# പത്രക്കുറിപ്പ് -2



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657


**ശുദ്ധജലവിതരണം മുടങ്ങി**
**വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻ നഷ്ടപരിഹാരം നൽകണം**

ഉപഭോക്താവിന് ശുദ്ധജലവിതരണത്തിൽ വീഴ്ച വരുത്തിയ വാട്ടർ അതോറിറ്റി ഉദ്യോഗസ്ഥൻ നഷ്ടപരിഹാരം നൽകാൻ പത്തനംതിട്ട ഉപഭോക്തൃതർക്ക പരിഹാര ഫോറം ഉത്തരവ്. തന്റെ വീട്ടിലേക്കുള്ള കുടിവെള്ള വിതരണത്തിന് വിഴ്ചവരുത്തി എന്നാരോപിച്ച് തടിയൂർ സ്വദേശിയും മുതിർന്ന പൗരനുമായ വർഗീസ് ഫിലിപ്പ് നൽകിയ പരാതിയിലാണ് ഉത്തരവ്. പരാതിക്കാരന്റെ വീട്ടിലേക്ക് മുടങ്ങാതെ കുടിവെള്ള വിതരണം നടത്തണമെന്നും നിർദേശിച്ചിട്ടുണ്ട്. എതിർ കക്ഷികളായ പത്തനംതിട്ട വാട്ടർഅതോറിറ്റി അസിസ്റ്റന്റ് എൻജിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ, എക്സിക്യൂട്ടീവ് എൻജിനീയർ എന്നിവർ ചേർന്ന് പരാതിക്കാരന് 5000 രൂപ നഷ്ടപരിഹാരവും 1000 രൂപ വ്യവഹാര ചെലവായും നൽകണമെന്ന് ഉത്തരവിൽ പറയുന്നു. വാട്ടർ അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടർക്ക് ഉത്തരവിന്റെ പകർപ്പ് നൽകാനും തുക വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നൽകണമെന്നും ഫോറം ഉത്തരവിട്ടു. ഫോറം പ്രസിഡന്റ് ജോർജ് ബേബി (ബേബിച്ചൻ വെച്ചൂച്ചിറ), അംഗം എൻ. ഷാജിതാ ബീവി എന്നിവർ ചേർന്നാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

(പിഎൻപി 3228/19)

**വിദ്യാർഥികളിലും യുവാക്കളിലും ലഹരി വിരുദ്ധ സന്ദേശം എത്തണം: ജില്ലാ കളക്ടർ**
**90 ദിന തീവ്രയജ്ഞ ബോധവൽക്കരണ ബോധവൽക്കരണം;**
**ജില്ലാതല ഉദ്ഘാടനം മന്ത്രി മേഴ്സിക്കുട്ടിയമ്മ നാളെ നിർവഹിക്കും**

വിദ്യാർഥികളിലും യുവാക്കളിലും ലഹരി വർജനത്തിന്റെ സന്ദേശം പൂർണമായി

എത്തിച്ചേരാൻ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ ഇടപെടൽ വേണമെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ 'നാളത്തെ കേരളം ലഹരി വിരുദ്ധ നവ കേരളം' എന്ന 90 ദിന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടിയുടെ ഭാഗമായി നാളെ (22) നടക്കുന്ന ജില്ലാതല ഉദ്ഘാടനത്തിത്തോട് അനുബന്ധിച്ച് നടത്തിയ അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു ജില്ലാ കളക്ടർ.

മഹാത്മാ ഗാന്ധിയുടെ 150-ാം ജന്മവാർഷികത്തിന്റെ ഭാഗമായി എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിലാണ് 90 ദിന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടി സംസ്ഥാന വ്യാപകമായി നടത്തുന്നത്. ജില്ലാതല ഉദ്ഘാടനമാണ് നാളെ(22) ഉച്ചകഴിഞ്ഞ് മൂന്നിന് പത്തനംതിട്ട റോയൽ ഓഡിറ്റോറിയത്തിൽ ഫിഷറീസ് വകുപ്പ് മന്ത്രി ജെ. മേഴ്സിക്കുട്ടിയമ്മ നിർവഹിക്കുന്നത്.

അവലോകന യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണ്ണാദേവി, എക്സൈസ് ഡെപ്യൂട്ടി കമ്മീഷ്ണർ എൻ.കെ മോഹൻകുമാർ, വിമുക്തി ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുത്തു.

90 ദിന തീവ്രയജ്ഞ ബോധവൽക്കരണ ഭാഗമായി ഡിസംബർ നാലിന് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും അസംബ്ലിയിൽ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലും. മുൻസിപ്പാലിറ്റി, പഞ്ചായത്ത്, വാർഡ് തലത്തിലും ലഹരി വിരുദ്ധ സേന രൂപീകരിക്കും. സ്കൂളുകളിലും കോളേജുകളിലും ലഹരി വിരുദ്ധ ക്ലബുകൾ രൂപീകരിക്കും. ലൈബ്രറികൾ, റെസിഡന്റ് അസോസിയേഷൻ, ക്ലബുകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ ലഹരി വിരുദ്ധ കമ്മറ്റികൾ രൂപീകരിച്ച് ലഹരി വിരുദ്ധ ബോധവൽക്കരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ നടത്തും.

(പിഎൻപി 3229/19)

## റൺ ഫോർ സേഫ് ചൈൽഡ്ഹുഡ് മാരത്തോൺ സംഘടിപ്പിച്ചു

കുട്ടികളുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി മുന്നിൽ നിന്ന് പ്രവർത്തിക്കുന്നത് കുട്ടികൾ തന്നെ ആകട്ടെ എന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. ഐക്യരാഷ്ട്രസഭ കുട്ടികളുടെ അവകാശ ഉടമ്പടി അംഗീകരിച്ചതിന്റെ 30-ാം വാർഷികത്തോടനുബന്ധിച്ച് 'സുരക്ഷിത ബാല്യം' എന്ന ആശയം മുൻ നിർത്തി പത്തനംതിട്ട ചൈൽഡ് ലൈൻ നടത്തിയ റൺ ഫോർ സേഫ് ചൈൽഡ്ഹുഡ് മാരത്തോൺ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജില്ലാ ഭരണകൂടം, സംസ്ഥാന നിയമ സേവന അതോറിട്ടി, പോലീസ് വകുപ്പ് എന്നിവയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച മാരത്തോൺ പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ ജില്ലാ പോലീസ് മേധാവി ജി. ജയദേവ് ഫ്ളാഗ് ഓഫ് ചെയ്തു. മാരത്തോൺ പ്രസ് ക്ലബിൽ അവസാനിച്ചു.

പത്തനംതിട്ട ചൈൽഡ് ലൈൻ സ്റ്റാഫ് അംഗങ്ങൾ, പാരാലീഗൽ വോളന്റിയേഴ്സ്, പോലീസ് സേനാംഗങ്ങൾ, കാതോലിക്കേറ്റ് കോളേജ്, കോഴഞ്ചേരി സെന്റ് തോമസ് കോളജ്, പ്രതിഭാ കോളേജ്, കോന്നി മന്നം മെമ്മോറിയൽ എൻ.എസ്.എസ് കോളേജ് വിദ്യാർഥികൾ തുടങ്ങിവർ മാരത്തോണിൽ പങ്കെടുത്തു.

ജില്ലാ ലീഗൽ സർവീസ് അതോറിട്ടി സെക്രട്ടറിയും സബ് ജഡ്ജുമായ ജി.ആർ ബിൽകുൽ മുഖ്യപ്രഭാഷണം നടത്തി. സി.ഡബ്ല്യു.സി ചെയർമാൻ അഡ്വ.ടി.സക്കീർ ഹുസൈൻ, ഡിവൈ.എസ്.പി:ആർ.പ്രദീപ് കുമാർ, ജില്ലാ ലേബർ ഓഫീസർ ടി. സൗദാമിനി, ചൈൽഡ് ലൈൻ ജില്ലാ കോ ഓർഡിനേറ്റർ ഡേവിസ് റെജി മാത്യു, പ്രസ് ക്ലബ് സെക്രട്ടറി ബിജു കുര്യൻ, എം.എം.എൻ.എസ്.എസ്. കോളേജ് സോഷ്യൽ വർക്ക് വിഭാഗം മേധാവി സി.വർഗീസ്, പ്രതിഭാ കോളേജ് പ്രിൻസിപ്പാൾ കെ.ആർ അശോക് കുമാർ സംസാരിച്ചു.

(പിഎൻപി 3230/19)

## സ്കോളർഷിപ്പ്: തീയതി നീട്ടി

മോട്ടോർ തൊഴിലാളി ക്ഷേമപദ്ധതിയിൽ കഴിഞ്ഞ മാർച്ച് വരെ അംഗത്വം എടുത്തിട്ടുള്ള തൊഴിലാളികളുടെ മക്കൾക്കുള്ള 2019-20 വർഷത്തെ വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ട തീയതി ഈ മാസം 30 വരെ ദീർഘിപ്പിച്ചു. വാർഷിക പരീക്ഷയ്ക്ക് 50 ശതമാനം മാർക്ക് നേടിയിട്ടുള്ള, എട്ടാം ക്ലാസ് മുതൽ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന കുട്ടികൾക്ക് അപേക്ഷിക്കാം. പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർ സർക്കാർ നിശ്ചയിച്ച യോഗ്യതാ പരീക്ഷയുടെ അടിസ്ഥാനത്തിൽ മെറിറ്റ് ക്വാട്ടയിൽ പ്രവേശനം നേടിയവരായിരിക്കണം. അപേക്ഷാഫോറം kmtwwfb.org എന്ന വെബ്സൈറ്റിൽ ലഭിക്കും. കൂടുതൽ വിവരം ജില്ലാ ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2320158.

(പിഎൻപി 3231/19)

### ലേലം

സീതത്തോട് മാർക്കറ്റിന് സമീപം നിർമാണം പൂർത്തീകരിച്ച കിണറിന് സമീപം അടുക്കിയിട്ടുള്ള കരിങ്കല്ലുകൾ ഡിസംബർ മൂന്നിന് ഉച്ചയ്ക്ക് 2.30ന് ജലഅതോറിറ്റി എക്സിക്യൂട്ടീവ് എൻജിനീയർ ലേലം ചെയ്യും. ഫോൺ: 04734 224839. (പിഎൻപി 3232/19)

## റോട്ടാ വൈറസ് വാക്സിൻ വിതരണം ചെയ്തു

ദേശീയ പ്രതിരോധ കുത്തിവയ്പ് പ്രോഗ്രാമിൽ പുതുതായി ഉൾപ്പെടുത്തിയ വയറിളക്ക രോഗ നിയന്ത്രണത്തിനായുള്ള റോട്ടാവൈറസ് വാക്സിന്റെ പഞ്ചായത്തുതല വിതരണം ഏഴംകുളം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നടന്നു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലത ഉദ്ഘാടനം ചെയ്തു. സ്ഥിരം സമിതി അധ്യക്ഷരായ മോഹനൻ, അനിയൻ തോമസ്, മെഡിക്കൽ ഓഫീസർ ഡോ.ജിജിത്ത്, ഹെൽത്ത് ഇൻസ്പെക്ടർ മോഹൻദാസ് എന്നിവർ പങ്കെടുത്തു.

(പിഎൻപി 3233/19)

## മിഷൻ ഗ്രീൻ ശബരിമല പ്രവർത്തനങ്ങളുമായി ശുചിത്വമിഷൻ

ശബരിമലയും പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുമായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മിഷൻ ഗ്രീൻ ശബരിമല പദ്ധതിക്കായി വിവിധ പദ്ധതികളൊരുക്കി ശുചിത്വമിഷൻ.

മുൻ വർഷങ്ങളിലും ശുചിത്വമിഷന്റെ നേതൃത്വത്തിൽ മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുടെ വിവിധ പരിപാടികൾ നടത്തിയിരുന്നു. ഈ തീർഥാടന കാലയളവിലും ശബരിമലയെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിനും പമ്പാ നദിയെ മാലിന്യമുക്തമാക്കുന്നതിനും ശുചിത്വമിഷന്റെ നേതൃത്വത്തിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ദേവസ്വം ബോർഡ്, വനംവകുപ്പ്, കുടുംബശ്രീ മിഷൻ, പോലീസ് എന്നീ വകുപ്പുകൾ മിഷൻ ഗ്രീൻ ശബരിമല പദ്ധതിയുമായി സഹകരിക്കുന്നുണ്ട്.

### തുണിസഞ്ചി വിതരണം:

ശബരിമലയും പരിസര പ്രദേശങ്ങളും പ്ലാസ്റ്റിക് മുക്തമാക്കുന്നതിനായി അയ്യപ്പ ഭക്തർക്ക് പ്ലാസ്റ്റിക് ക്യാരിബാഗിനു പകരമായി ബോധവത്കരണ സന്ദേശങ്ങൾ അടങ്ങിയ അര ലക്ഷത്തോളം തുണിസഞ്ചികൾ വിതരണം ചെയ്യുന്നുണ്ട്. ഇതിനായി നിലയ്ക്കൽ ബേസ് ക്യാമ്പിലും ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിലും തുണിസഞ്ചി വിതരണ സ്റ്റാളുകൾ പ്രവർത്തിക്കുന്നു.

### ഗ്രീൻ ഗാർഡ്സ്:

പമ്പാ നദിയിലേക്ക് വസ്ത്രങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിനായി പമ്പാ സ്നാനഘട്ടത്തിൽ ഗ്രീൻ ഗാർഡ്സ് എന്ന പേരിൽ പ്രവർത്തകരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ 24

മണിക്കൂറും നിയോഗിച്ചിട്ടുണ്ട്. ഇത്തവണ ശബരിമല സാനിട്ടേഷൻ സൊസൈറ്റിയുടെ കീഴിലുള്ള അംഗങ്ങളാണ് ഗ്രീൻ ഗാർഡ്സായി പ്രവർത്തിക്കുന്നത്.

**പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ:**

ളാഹ മുതൽ പമ്പ വരേയും കണമല മുതൽ ളാഹ വരേയുമുള്ള റോഡരികിലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ എക്കോ ഗാർഡുകളുടെ സഹായത്തോടെയും നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ നിന്നുമുള്ള അജൈവമാലിന്യങ്ങളും ശുചിത്വമിഷന്റെ നേതൃത്വത്തിൽ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തിരുവല്ല ആസ്ഥാനമായ ക്രിസ് ഗ്ലോബൽ ട്രേഡേഴ്സ് എന്ന അംഗീകൃത സ്ഥാപനമാണ് സംസ്കരണത്തിനായി കൊണ്ടുപോകുന്നത്.

**പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ ബോക്സ്:**

നിലയ്ക്കൽ, പമ്പ എന്നിവിടങ്ങളിൽ വലിയ അളവിലുള്ള ആറ് പ്ലാസ്റ്റിക് വേസ്റ്റ് കളക്ഷൻ ബോക്സുകൾ സ്ഥാപിക്കും. പ്ലാസ്റ്റിക് കുപ്പികൾ, കവറുകൾ എന്നിവ ഇതിൽ നിക്ഷേപിക്കാനാവും.

**അജൈവ മാലിന്യ ശേഖരണ ബിന്നുകൾ:**

ഷപമ്പ, നിലയ്ക്കൽ, പന്തളം എന്നിവിടങ്ങളിലായി നൂറിലധികം സ്റ്റീൽ നിർമ്മിത ബിന്നുകൾ അജൈവ മാലിന്യശേഖരണത്തിനായി വിവിധ സ്ഥലങ്ങളിലായി സ്ഥാപിക്കും.

**പോക്കറ്റ് കാർഡ് വിതരണം:**

പമ്പയിലേക്ക് വസ്ത്രങ്ങൾ വലിച്ചെറിയുന്നത് ആചാരവിരുദ്ധമാണെന്നും ശബരിമലയും കാനനപാതയും പ്ലാസ്റ്റിക് വിമുക്തമായി സംരക്ഷിക്കണമെന്നുമുള്ള വിവിധ ഭാഷയിലുള്ള സന്ദേശവും ശബരിമലയിലെ വിശേഷദിവസങ്ങളും രേഖപ്പെടുത്തിയ പോക്കറ്റ് കാർഡുകൾ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ തീർഥാടകർക്ക് വിതരണം ചെയ്യുന്നു.

**റെയിൽവേ സംഗീതശകലം:**

ശബരിമല തീർഥാടനത്തിനുവേണ്ടി റെയിൽ മാർഗം ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ എത്തിച്ചേരുന്ന തീർഥാടകർക്കായി കന്നട, തെലുങ്ക്, തമിഴ് ഭാഷകളിൽ റെയിൽവേ അനൗൺസ്മെന്റിനു മുൻപായി ബോധവത്കരണ സന്ദേശങ്ങൾ നൽകുന്നുണ്ടെന്നും ജില്ലാ കോ-ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ പറഞ്ഞു.

(ശബരിമല: 61/19)

## ഫോട്ടോ അടിക്കുറിപ്പ്:

1) നാളത്തെ കേരളം ലഹരി വിരുദ്ധ നവ കേരളം 90ദിന തീവ്രയജ്ഞ ബോധവൽക്കരണ പരിപാടിയുടെ ജില്ലാതല ഉദ്ഘാടനത്തിന് മുന്നോടിയായി കളക്ടറേറ്റിൽ ജില്ലാ കളക്ടർ പി.ബി നൂഹിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം.
2) പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ നിന്ന് ചൈൽഡ് ലൈൻ നടത്തിയ റൺ ഫോർ സേഫ് ചൈൽഡ്ഹുഡ് മാരത്തോൺ ജില്ലാ കളക്ടർ പി.ബി നൂഹ് ഉദ്ഘാടനം ചെയ്യുന്നു.
3) പത്തനംതിട്ട സെന്റ് പീറ്റേഴ്സ് ജംഗ്ഷനിൽ നിന്ന് ചൈൽഡ് ലൈൻ നടത്തിയ റൺ ഫോർ സേഫ് ചൈൽഡ്ഹുഡ് മാരത്തോൺ ജില്ലാ പോലീസ് മേധാവി ജി. ജയദേവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.
4) ചൈൽഡ് ലൈൻ നടത്തിയ റൺ ഫോർ സേഫ് ചൈൽഡ്ഹുഡ് മാരത്തോൺ

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...

PRD LIVE

PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| നവംബർ 20<br>November 20 | 2019 |
|---|---|

*1193 വൃശ്ചികം 4 ബുധൻ*

# പത്രക്കുറിപ്പ് -3



www.prd.kerala.gov.in, diopta1@gmail.com ഫോൺ0468–2222657


**ജാഗ്രതാ നിർദേശം**

കെഎസ്ഇബിയുടെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള വൈദ്യുതോല്പാദനത്തിന് അനുസൃതമായി പമ്പ, കക്കി നദികളിലെ ജലനിരപ്പിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ഈ നദികളിലെ കുളിക്കടവുകൾ ഉപയോഗിക്കുന്ന പ്രദേശവാസികളും അയ്യപ്പഭക്തരും അതീവ ജാഗ്രത പുലർത്തണമെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

(പിഎൻപി 3234/19)

**പുനർദർഘാസ്**

ജില്ലാ പഞ്ചായത്ത്, ജില്ലാ മണ്ണ് സംരക്ഷണ ഓഫീസ് മുഖേന നടപ്പാക്കുന്ന മണ്ണ് സംരക്ഷണ പ്രവർത്തികളുടെ പുനർദർഘാസ് ക്ഷണിച്ചു. ഫോൺ: 0468 2224070.

(പിഎൻപി 3235/19)

**പത്തനംതിട്ടയിലെ അങ്കണവാടികൾ ഇനി സ്മാർട്ടാകും**

നാഷണൽ ന്യൂട്രിഷൻ മിഷൻ(എൻ.എൻ.എം) സമ്പുഷ്ട കേരളം പദ്ധതിയുടെ ഭാഗമായി ജില്ലയിലെ അങ്കണവാടി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രവർത്തകർക്ക് സ്മാർട്ഫോൺ നൽകുന്നു. ഇതിന്റെ ആദ്യ ഘട്ടമായി സ്മാർട്ട് ഫോൺ കോൺഫിഗറേഷൻ രണ്ട് ദിവസമായി പത്തനംതിട്ട മണ്ണിൽ റീജൻസിയിൽ നടന്നു.

നാഷണൽ ന്യൂട്രിഷൻ മിഷന്റെ പ്രതിനിധികളും വനിതാ ശിശുവികസന വകുപ്പിന്റെ പ്രവർത്തകരും ചേർന്ന് കോൺഫിഗറേഷൻ പൂർത്തിയാക്കി. മാസ്റ്റർ ട്രെയിനിംഗ് നാളെ(നവംബർ 22) മുതൽ തിരുവനന്തപുരത്ത് ആരംഭിക്കും. കോൺഫിഗറേഷൻ പൂർത്തിയായ 1350 മൊബൈൽ ഫോണുകൾ ജില്ലയിലെ 12 പ്രൊജക്ടുകളിലേക്കും

നൽകി. ഡിസംബർ ആദ്യവാരം ട്രെനിംഗിന് ശേഷം അങ്കണവാടി പ്രവർത്തകർക്ക് ഫോൺ ലഭ്യമാക്കും. അതോടൊപ്പം ഡിസംബറിൽ ഭവനങ്ങൾ സന്ദർശിച്ച് സർവേ പൂർത്തിയാക്കും.

ട്രെയിനിങ്ങിൽ ജില്ലാ ഓഫീസർ എൽ.ഷീബ, ജില്ലാ പ്രോഗ്രാം ഓഫീസർ അജീഷ് കുമാർ, നാഷണൽ ന്യൂട്രിഷൻ കോർഡിനേറ്റർ ഷാജു തുടങ്ങിയവർ പങ്കെടുത്തു.

(പിഎൻപി 3236/19)

**പറക്കോട് ബ്ലോക്ക് പഞ്ചായത്തിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രഖ്യാപനം നാളെ**
**പ്രഖ്യാപനം മന്ത്രി കെ.രാജു നിർവഹിക്കും**

പത്തനംതിട്ട ജില്ലയിലെ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുന്ന ആദ്യത്തെ ബ്ലോക്ക് പഞ്ചായത്തായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിനെ വനംവകുപ്പ് മന്ത്രി കെ.രാജു പ്രഖ്യാപിപ്പിക്കും. നാളെ രാവിലെ(22) രാവിലെ 11 ന് ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടക്കുന്ന ചടങ്ങിലാണ് മന്ത്രി കെ.രാജു ഐ.എസ്.ഒ സർട്ടിഫിക്കേഷൻ പ്രഖ്യാപനം നടത്തുന്നത്. ചിറ്റയം ഗോപകുമാർ എം.എൽ.എ അധ്യക്ഷത വഹിക്കുന്ന യോഗത്തിൽ പൗരാവകാശ രേഖയുടെ പ്രകാശനം കെ.യു ജനീഷ്കുമാർ എം.എൽ.എ നിർവഹിക്കും.

പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും പൊതു ജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങളുടെ സമയ ക്ലിപ്തതയും റിക്കാർഡ് സൂക്ഷിപ്പിന്റെ നിലവാരവും അന്താരാഷ്ട്ര മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ഐ.എസ്.ഒ 9001-2015 സർട്ടിഫിക്കേഷൻ ലഭിച്ചത്.

ഗ്രാമവികസന കമ്മീഷണർ എൻ.പത്മകുമാർ, ജില്ലാ കളക്ടർ പി.ബി നൂഹ്, അടൂർ നഗരസഭ ചെയർപേഴ്സൺ ഷൈനി ബോബി, ത്രിതല പഞ്ചായത്ത് ജനപ്രതിനിധികൾ, സാമൂഹ്യ രാഷ്ട്രീയ പ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുക്കും.

(പിഎൻപി 3237/19)

**യോഗം**

വ്യാജമദ്യനിയന്ത്രണ സമിതി ജില്ലാതല യോഗം 23ന് ഉച്ചയ്ക്ക് ശേഷം രണ്ടിന് എഡിഎമ്മിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേരും. (പിഎൻപി 3238/19)

**വള്ളിക്കോട് ഗ്രാമപഞ്ചായത്ത് കേരളോത്സവം**

വള്ളിക്കോട് ഗ്രാമപഞ്ചായത്ത് കേരളോത്സവം കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ ഉദ്ഘാടനം ചെയ്തു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിസിമോൾ ജോസഫ് അധ്യക്ഷത വഹിച്ചു. കലാമത്സരങ്ങൾ പഞ്ചായത്ത് ആഡിറ്റോറിയത്തിലും കായിക മത്സരങ്ങൾ സെന്റ് ജോർജ് മൗണ്ട് ഹൈസ്കൂൾ ഗ്രൗണ്ടിലും സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് വികസനകാര്യ അധ്യക്ഷ എലിസബത്ത് അബു വിജയികൾക്ക് ട്രോഫികൾ വിതരണം ചെയ്തു. മികച്ച ക്ലബായി ദിശ ആർട്സ് ആൻഡ് സ്പോട്സ് ക്ലബിനെ തെരഞ്ഞെടുത്തു.

(പിഎൻപി 3239/19)

**ജില്ലയിൽ നവകേരള മിഷന്റെ പ്രവർത്തനങ്ങൾ മികച്ചത്-**
**ജില്ലാ കളക്ടർ പി.ബി നൂഹ്**

നവകേരള മിഷന്റെ എല്ലാ വകുപ്പുകളും ജില്ലയിൽ മികച്ച പ്രകടനമാണ് നടത്തുന്നതെന്ന് ജില്ലാ കളക്ടർ പി.ബി നൂഹ് പറഞ്ഞു. നവകേരള മിഷന്റെ അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ച് സംസാരിക്കുകയായിരുന്നു കളക്ടർ.

ലൈഫ് മിഷനിൽ ജില്ലയിൽ ഒന്നാം ഘട്ടത്തിൽ പൂർത്തിയാകാതിരുന്ന 1188 വീടുകളിൽ 1169 എണ്ണം പൂർത്തിയായി. ലൈഫ് മിഷന്റെ രണ്ടാംഘട്ടത്തിൽ ഭൂമിയുള്ളവർക്ക് വീട് നിർമിച്ചു നൽകുന്ന പദ്ധതി പ്രകാരം 1944 വീടുകളിൽ 1476 വീടുകളുടെ പണി പൂർത്തീകരിച്ചു. 190 വീടുകൾ റൂഫ് നിലയിലും, 164 വീടുകൾ ലിന്റൽ നിലയിലും, 88 വീടുൾ ബേസ്മെന്റ് നിലയിലും, 26 വീടുകൾ ആരംഭിക്കാനുമുണ്ട്. മൂന്നാം

ഘട്ടത്തിൽ 2110 ഗുണഭോക്താക്കളുടെ പട്ടിക അർഹതാ പരിശോധനയ്ക്കായി എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും നൽകിയിട്ടുണ്ട്.

ആർദ്രം പദ്ധതിയിൽ ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ ആദ്യ ഘട്ടത്തിൽ 26 എണ്ണത്തിൽ 19 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. പത്തനംതിട്ട, അടൂർ ജനറൽ ആശുപത്രികളിലും, കോഴഞ്ചേരി ജില്ലാ ആശുപത്രിയിലും, തിരുവല്ല, റാന്നി താലൂക്ക് ആശുപത്രികളിലും ഡയാലിസിസ് യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചു. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ ഒ.പി ട്രാൻസ്ഫോർമേഷൻ പണി പൂർത്തിയായി വരുന്നു. പത്തനംതിട്ട ജനറൽ ആശുപത്രിയിൽ കാത്ത്ലാബിന് 3 കാർഡിയോളജിസ്റ്റുകളേയും മറ്റ് അനുബന്ധ സേവനങ്ങളും ഒരുക്കിയിട്ടുണ്ട്.ഹൃദ്രോഗ വിഭാഗം വികസിപ്പിക്കുകയയും ചെയ്തു.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ 163 സർക്കാർ ഹൈസ്കൂൾ ക്ലാസ് മുറികളും 184 സർക്കാർ ഹയർ സെക്കൻഡറി ക്ലാസ് മുറികളും 49 സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി ക്ലാസ് മുറികളും ഹൈടെക്ക് ആക്കി. ജില്ലയിൽ പൂർത്തിയാക്കേണ്ട 652 ലാബുകളിൽ 412 എണ്ണം് പ്രവർത്തനം ആരംഭിച്ചു.

ശാസ്ത്രം, സാഹിത്യം, കല, കായിക മേഖലകളിലെ പ്രതിഭകളെ ആദരിക്കുന്ന പരിപാടി വിദ്യാലയങ്ങളിൽ നടന്നു വരുന്നു. ജില്ലയിലെ സാംസ്കാരിക രംഗത്തെ പ്രതികളുമായുള്ള കൂടിക്കാഴ്ച്ചയും നടത്തും. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ജില്ലയിലെ പ്രൈമറി സ്കൂളുകളിലും ഹൈസ്കൂൾ വിദ്യാലയങ്ങളുടെ പ്രൈമറി വിഭാഗത്തിലും ഹൈടെക്ക് ലാബുകളുടെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങളും നൽകി വരുന്നു.

ഹരിതകേരളം മിഷന്റെ ഉപ മിഷനായ കൃഷിയിൽ 20 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലായി 51 പച്ചത്തുരുത്തുകൾ സ്ഥാപിച്ചു. ജില്ലയിലെ ഓരോ ബ്ലോക്കിലേയും ഓരോ ഗ്രാമ പഞ്ചായത്തുകൾ തരിശുരഹിത പഞ്ചായത്താക്കി മാറ്റുന്ന പദ്ധതി നടന്നുവരുന്നു. 20 പഞ്ചായത്തുകളിലേയും രണ്ടു നഗരസഭയിലേയും വാർഡുകൾ ഹരിത വാർഡുകളാക്കി.

ഹരിത കേരള മിഷന്റെ രണ്ടാം ഉപമിഷനായ വാട്ടർ റിസോഴ്സ് മാനേജ്മെന്റ് മല്ലപ്പള്ളി ഡിവിഷന് കീഴിൽ 'മല്ലപ്പള്ളി ജലധാര' പദ്ധതി നടപ്പിലാക്കി. ഇവയുമായി ബന്ധപ്പെട്ട് 'ഹരിതയാനം കുറ്റൂർ' പദ്ധതിയും ആവിഷ്ക്കരിച്ചു.

ഹരിത കേരളം മിഷന്റെ മൂന്നാം ഉപമിഷനായ ശുചിത്വമിഷൻ ജില്ലയിൽ 53 ഗ്രാമ പഞ്ചായത്തുകളിലും നാലു നഗരസഭകളിലും ഹരിത കർമ്മ സേന രൂപീകരിച്ചിട്ടുണ്ട്. 2020 ജനുവരിക്ക് മുൻപായി എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ആർ.ആർ.എഫ്, എം.സി.എഫ് പൂർത്തീകരിച്ച് ഹരിത കർമ സേനയുടെ പ്രവർത്തനം ശക്തിപ്പെടുത്തും. മൈനർ ഇറിഗേഷൻ 53 ഗ്രാമ പഞ്ചായത്തുകളിലും, നാലു നഗരസഭകളിലും, എട്ട് ബ്ലോക്കുകളിലും വാട്ടർഷെഡ് ഡെവലപ്മെന്റ് പ്ലാൻ പൂർത്തിയാക്കി.

കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ ഡെപ്യൂട്ടി പ്ലാനിംഗ് ഓഫീസർ ബി.ആർ മുരളീധരൻ നായർ, ഡിഎംഒ: ഡോ.എ.എൽ ഷീജ, ലൈഫ് മിഷൻ ഡിഎംസി: സി.പി സുനിൽ, ശുചിത്വമിഷൻ ജില്ലാ കോ ഓർഡിനേറ്റർ സി.രാധാകൃഷ്ണൻ, പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞം ജില്ലാ കോ ഓർഡിനേറ്റർ എസ്.രാജേഷ്, ഹരിത കേരളം റിസോഴ്സ് പേഴ്സൺ കെ.രാധാകൃഷ്ണൻ നായർ, അസിസ്റ്റന്റ് പ്ലാനിംഗ് ഓഫീസർ ജി.ഉല്ലാസ്, മൈനർ ഇറിഗേഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ സി.രാജശേഖരൻ പിള്ള, തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 3240/19)

## ഫോട്ടോ അടിക്കുറിപ്പ്

5) അങ്കണവാടി പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി നൽകുന്ന സ്മാർട്

ഫോണുകളുടെ കോൺഫിഗറേഷൻ നടത്തിയപ്പോൾ.

6) വള്ളിക്കോട് ഗ്രാമപഞ്ചായത്ത് കേരളോത്സവം കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ ഉദ്ഘാടനം ചെയ്യുന്നു.

7) ജില്ലാ കളക്ടർ പി.ബി.നൂഹിന്റെ അധ്യക്ഷതയിൽ കളക്ടറേറ്റിൽ ചേർന്ന നവകേരള മിഷന്റെ അവലോകന യോഗം.

